**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 668 — 02.12.2014 ൽ മറുപടിക്ക്

**മിഷൻ 676- സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതി**

ചോദ്യം

**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. പി.എ. മാധവൻ**
**ശ്രീ. കെ. ശിവദാസൻ നായർ**
**ശ്രീ. ലൂഡി ലൂയിസ്**

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതുവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

മറുപടി

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)**

(എ) & (ബി) സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. സർക്കാർ സേവനങ്ങളും സർവീസുകളും ഡിജിറ്റലായും ഇലക്ട്രോണിക്കായും കൈകാര്യം ചെയ്യുവാൻ പ്രാപ്തമാക്കുക എന്നതാണ് സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ ഫയൽ സംവിധാനമായ ഇ-ഓഫീസ് സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കുക, എല്ലാ സർക്കാർ വകുപ്പുകളിലും ഡിജിറ്റൽ ഡേറ്റാബേസ് ഉണ്ടാക്കുക, ഇ-മെയിലൂടെയും മറ്റും സർക്കാരുമായി ആശയ വിനിമയത്തിന് പൊതുജനങ്ങളെ പ്രേരിപ്പിക്കുക, പഞ്ചായത്തു തലം വരെ KSWAN കണക്ഷൻ ലഭ്യമാക്കുക, സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചറോട്ടു കൂടി ഓൺലൈൻ വഴി ലഭ്യമാക്കുക, സർക്കാരിലേക്കുള്ള പണമിടപാടുകൾ ഇ-പേയ്മെൻറ് ഗേറ്റ് വേ വഴി നടത്തുക, പഞ്ചായത്ത് തലം വരെ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് (NOFN) ഏർപ്പെടുത്തുക, സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുക എന്നീ കാര്യങ്ങളാണ് ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാനായി നിരവധി ഇ-ഗവേണൻസ് പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്ന ഇ-ഡിസ്ട്രിക്റ്റ്, ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ്, ഇ-പേയ്മെന്റ്

ഗേറ്റ് വേ തുടങ്ങിയ നിരവധി പദ്ധതികളും സ്റ്റേറ്റ് ഡാറ്റാ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക്, സെക് വാൻ തുടങ്ങിയ ഐ.ടി അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പാക്കി വരുന്നതിന് പുറമെ സർവീസ് പ്ലസ്, ഇ-ഓഫീസ്, സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് തുടങ്ങിയ നൂതന പദ്ധതികളും നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ വ്യാപനവും സർക്കാർ ജീവനക്കാർക്ക് ഇ-ഗവേണൻസിൽ പരിശീലന പരിപാടിയും ഇ-ഗവേണൻസ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

(സി) & (ഡി) നൂതന ഇ-ഗവേണൻസ് പദ്ധതികളായ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ, സർവീസ് പ്ലസ്, ഇ-ഓഫീസ്, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ സമയ ബന്ധിതമായും കാര്യക്ഷമതയോടു കൂടി പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവൻമാരും അംഗങ്ങളായിട്ടുള്ള സംസ്ഥാന അപ്പക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**